**ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം) കൊല്ലം-691013**
**ഫോൺ ഓഫീസ്:** 0474-2795017
**ഇ.മെയിൽ-** *dmohkollam@gmail.com,dmoklm.hsd@kerala.gov.in*

**നം:DMOH-KLM/2299/2024-B2** **തീയതി:21-08-2024**

## ദർഘാസ് പരസ്യം

കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിന്റെ അധീനതയിൽ, കൊല്ലം ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് 31.03.2025 തീയതി വരെ (2024-25 സാമ്പത്തിക വർഷം) നടത്തുന്ന വിവിധ പരിശീലന പരിപാടികൾക്ക് താഴെപ്പറയുന്ന **ഭക്ഷണ സാധനങ്ങൾ** വളരെ ചിട്ടയോടും വൃത്തിയായും പാചകം ചെയ്ത് വിതരണം ചെയ്യുന്നതിന്, താല്പര്യമുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മത്സര സ്വഭാവത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു

| ക്രമ നമ്പർ | വിതരണം ചെയേണ്ട വിഭവങ്ങൾ |
|---|---|
| 1 | രാവിലെയും വൈകിട്ടും കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം, ഊണ് (7 വിഭവങ്ങൾ അടങ്ങിയത്), പായസം |
| 2 | രാവിലെയും വൈകിട്ടും കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം, ഊണ് (7 വിഭവങ്ങൾ അടങ്ങിയത്), മീൻ കറി, പായസം |
| 3 | രാവിലെയും വൈകിട്ടും കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം, ഊണ് (7 വിഭവങ്ങൾ അടങ്ങിയത്), മീൻകറി, മീൻ ഫ്രൈ, പായസം/കട്ട് ഫ്രൂട്ട് |
| 4 | രാവിലെയും വൈകിട്ടും കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം, ഊണ് (7 വിഭവങ്ങൾ അടങ്ങിയത്), മീൻകറി, ചിക്കൻ ഫ്രൈ, പായസം/കട്ട് ഫ്രൂട്ട് |
| 5 | രാവിലെയും വൈകിട്ടും കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം, ബീഫ് ബിരിയാണി, പായസം/കട്ട് ഫ്രൂട്ട് |
| 6 | രാവിലെയും വൈകിട്ടും കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം, മട്ടൻ ബിരിയാണി, പായസം/കട്ട് ഫ്രൂട്ട് |
| 7 | രാവിലെയും വൈകിട്ടും കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം, വെജിറ്റബിൾ ബിരിയാണി, പായസം/കട്ട് ഫ്രൂട്ട് |
| 8 | രാവിലെയും വൈകിട്ടും കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം, ഫ്രൈഡ് റൈസ് & ചില്ലി ചിക്കൻ/ചിക്കൻ കറി, ചിക്കൻ ഫ്രൈ, പായസം/വെജിറ്റബൾ സാലഡ് |
| 9 | രാവിലെയും വൈകിട്ടും കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം, ചെമ്മീൻ ബിരിയാണി, , ഐസ്ക്രീം,വെജിറ്റബൾ സാലഡ് |
| 10 | രാവിലെയും ഒരു നേരം കോഫി/ചായ, ആവിയിൽ പുഴുങ്ങിയ ലഘുപലഹാരം |

(മറുപുറം)

1. ദർഘാസ് ഫോറത്തിന്റെ വിലയായ രൂപ.600/- + ജി എസ് റ്റി 18% ഒടുക്കി 29.08.2024 തീയതി മുതൽ 11.09.2024 തീയതി വൈകുന്നേരം 3 മണിവരെ ഈ ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്
2. ദീർ ഘാസുകൾ 12.09.2024 തീയതി ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത ദർഘാസുകൾ അന്നേ ദിവസം തന്നെ വൈകീട്ട് 3 മണിക്ക് സമർപ്പിച്ച വ്യക്തിയുടേയോ, അവർ ചുമതലപ്പെടുത്തുന്ന വ്യക്തികളുടെയോ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും, ഏറ്റവും കുറഞ്ഞ സംഖ്യ രേഖപ്പെടുത്തിയിരിക്കുന്ന ദർഘാസ് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി അംഗീകരിക്കുന്നതും ആണ്.
3. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ മാറാവുന്ന ക്രോസ് ചെയ്ത 3000/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്/ട്രഷറീസ് സേവിങ്സ് സർട്ടിഫിക്കറ്റ്, സ്റ്റോർ പർച്ചേസ് റൂളിൽ പറയുന്ന പ്രത്യേക ഫോറം 200/- രൂപ മുദ്ര പത്രത്തിൽ തയ്യാറാക്കിയ എഗ്രിമെൻറ് എന്നിവ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.
4. ഗവൺമെൻറ് റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങൾ ആയതിന്റെ വ്യക്തമായ ഉത്തരവുകളും, അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്. ടെൻഡറുകൾ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഫുഡ് സേഫ്റ്റി വിഭാഗം നൽകുന്ന ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.
5. നിരതദ്രവ്യവും എഗ്രിമെന്റും ഉള്ളടക്കം ചെയ്തിട്ടില്ലാത്ത ദർഘാസ്സുകളും, ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ തന്നെ സമർപ്പിക്കാത്ത ടെണ്ടറുകളും നിരസിക്കുന്നതാണ്
6. ദർഘായുസ്സുകൾ പ്രത്യേക കാരണം കൂടാതെ നിരസിക്കുന്നതിനോ, നീട്ടിവയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ ഉള്ള പൂർണ്ണ അധികാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമാണ്.

ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിക്കുന്ന വ്യക്തി അല്ലെങ്കിൽ സ്ഥാപനം, താഴെപ്പറയുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. പ്രോഗ്രാമുകളുടെ നോഡൽ ഓഫീസർമാർ നിർദ്ദേശിക്കുന്ന ദിവസം, നിർദ്ദേശിക്കുന്ന സാധനങ്ങൾ, നിർദ്ദേശിക്കുന്ന സ്ഥലത്ത് കൃത്യസമയത്ത് തന്നെ വിതരണം ചെയ്യേണ്ടതാണ്.
2. ടെൻഡർ കാലയാളവായ 31.03.2025 തീയതി വരെ ടെൻഡർ അംഗീകരിച്ച നിരക്കിൽമാറ്റം ഉണ്ടായിരിക്കുന്നത് അല്ല.
3. വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വൃത്തി, ഗുണനിലവാരം, ചിട്ടയായ വിതരണം എന്നിവ തൃപ്തികരമല്ലെങ്കിൽ, ടെൻഡറിന്റെ ഭാഗമായുള്ള കരാർയാതൊരുവിധ മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതാണ്.
4. നിയമാനുസൃതമായ നികുതികൾ ഉൾപ്പെടെയുള്ള വില ക്വോട്ട് ചെയ്യേണ്ടതാണ്.

Signed by
Anu M.s
Date: 21-08-2024 12:12:06

ജില്ലാമെഡിക്കൽ ഓഫീസർ
(ആരോഗ്യം)

സ്വീകർത്താക്കൾ:-

<u>പ്രമുഖ ദിനപത്രങ്ങളിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി</u>

1. ഡയറക്ടർ, പബ്ലിക് റിലേഷൻ വകുപ്പ്, തിരുവനന്തപുരം
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം

<u>നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന് വേണ്ടി</u>

3. സൂപ്രണ്ട് ജില്ലാ ആശുപത്രി / കൊല്ലം
4. സൂപ്രണ്ട് വിക്ടോറിയ ആശുപത്രി / കൊല്ലം
5. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കൊല്ലം
6. ജില്ലാ ട്രഷറി ഓഫീസർ ജില്ലാ ട്രഷറി കൊല്ലം
7. തഹസിൽദാർ, കൊല്ലം

പകർപ്പ്:-

1. ബി 1 സെക്ഷൻ (ടെൻഡർ ഫോറത്തിന്റെ വില ,ജി.എസ്.ടി (18%) എന്നിവ ഈടാക്കുന്നതിന് വേണ്ടി)
2. ഡി 5 സെക്ഷൻ (ടെൻഡർ ഫോം വിതരണം ചെയ്യുന്നതിന് വേണ്ടി)
3. ഫയൽ/കരുതൽ ഫയൽ